THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

## പാഠം III
## വീണപൂവ്

### അർഥം കണ്ടെത്തി എഴുതുക

1.ആടൽ-ദുഃഖം
2.ദലം-ഇല
3.തുംഗം-ഉയർന്ന
4.ബാലാതാപം-ഇളം വെയിൽ
5.വദനം-മുഖം
6.മർമരം-ചെറിയ ശബ്ദം

### പര്യായം എഴുതുക

1.താര-നക്ഷത്രം,ഉടു
2.പല്ലവം-കിസലയം,തളിര്
3.വായു-മാരുതൻ,കാറ്റ്
4.ശിരസ്സ് -തല, ഉത്തമാംഗം

### വിഗ്രഹിക്കുക

1.പല്ലവപുടം-പല്ലവത്തിന്റെ പുടം
2.ദലമർമരം-ദലങ്ങളുടെ മർമ്മരം
3.താരാജാലം-താരങ്ങളുടെ ജാലം
4.ആലോലവായു-ആലോലമായ വായു
5.പുതുനിലാവ്-പുതിയ നിലാവ്

### വായിക്കാം കണ്ടെത്താം

1.കവി പൂവിന്റെ ശൈശവകാലത്തെ എപ്രകാരമാണ് അവതരിപ്പിക്കുന്നത്

കുമാരനാശാന്റെ വീണപൂവ് എന്ന ഖണ്ഡകാവ്യത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് പാഠഭാഗം.ശൈശവത്തിൽ നിന്റെ പെറ്റമ്മ ആയ ലത സ്നേഹവാത്സല്യങ്ങളോടു കൂടി തളിരിലകളുടെ നടുവിൽ ഇരുത്തി ഓമനിച്ചു പരിപാലിച്ചു. ഇളംകാറ്റ് നിന്നെ തൊട്ടിലാട്ടി. ഇലകൾ ഇളകിയാടുന്ന ശബ്ദം നിനക്ക് താരാട്ടായി മാറി.ഇങ്ങനെ വളരെയധികം സ്നേഹ വാത്സല്യങ്ങൾ അനുഭവിച്ചാണ് പൂവ് തന്റെ ശൈശവം കഴിച്ചുകൂട്ടുന്നത്.

2.ബാല്യം കഴിഞ്ഞതോടെ പൂവിനു വന്ന മാറ്റങ്ങൾ കവി എങ്ങനെയാണ് അവതരിപ്പിക്കുന്നത്

TVIS

പ്രഭാതത്തിൽ ഉണർന്നു പാടുന്ന കിളികളോട് ചേർന്ന് തലയാട്ടിക്കൊണ്ട് പൂവ് ഗാനം പരിശീലിച്ചു.രാത്രികാലങ്ങളിൽ നക്ഷത്രങ്ങളിൽ നിന്ന് വളരെ താൽപര്യത്തോടെ ലോക തത്വങ്ങൾ പഠിച്ചു.ഇപ്രകാരം വളർന്നുവന്ന പൂവിന്റെ ശരീരത്തിന് മാറ്റം വന്നു.മുഖഭാവം മാറുകയും കവിളിണ തുടുക്കുകയും അവിടെ പുഞ്ചിരി വിടരുകയും ചെയ്തു.അങ്ങനെ പൂമൊട്ട് വിരിഞ്ഞ പുഷ്പമായി മാറി.ബാല്യം പിന്നിട്ടതോടെ പൂവിനു വന്ന മാറ്റങ്ങൾ ഇതൊക്കെയാണ്

3.ഒരമ്മ കുഞ്ഞിനെ സംരക്ഷിക്കുന്നത് പോലെയാണ് ചെടി പൂവിന് സംരക്ഷിക്കുന്നത് .ഈ പ്രസ്താവന വ്യക്തമാക്കുന്ന ഏതെല്ലാം പ്രയോഗങ്ങളാണ് കവിതയിലുള്ളത്

പെറ്റമ്മ ആയ ലത വാൽസല്യത്തോടെ കൂടി ശൈശവകാലത്ത് പൂവിനെ ഓമനിക്കുകയും തളിരുകൾക്കുള്ളിൽ വച്ച് സംരക്ഷിക്കുകയും ചെയ്തു. ഇളം കാറ്റ് തൊട്ടിൽ ആട്ടുകയും ഇലകളുടെ മർമ്മര ശബ്ദം താരാട്ട് പാടുകയും ചെയ്യുന്നു ഇങ്ങനെ നോക്കുമ്പോൾ അമ്മ കുഞ്ഞിനെ ശൈശവാവസ്ഥയിൽ ഏതൊക്കെ രീതിയിലാണ് സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നത് അതേ രീതിയിലുള്ള എല്ലാ കാര്യങ്ങളും പൂവിന്റെ കുഞ്ഞുനാളിൽ പെറ്റമ്മ ആയ ചെടി ചെയ്യുന്നു

4.പൂവ് ബാല്യം ചെലവിട്ടത് എങ്ങനെ

പാലിന് തുല്യമായ നിലാവിൽ മതിയാവോളം കുളിച്ചും ഇടം പേരിൽ ആഹ്ലാദത്തോടെ വിളയാടിയും ഇളയവരായ മറ്റ് പൂമൊട്ടുകളോടു ചേർന്നു രസിച്ചുമാണ് പൂവ് ബാല്യകാലം ചെലവിട്ടത്

5.ഒരു വിദ്യാർത്ഥിയുടെ ഭാവം പൂവിൽ കവി സങ്കല്പിച്ചുകൊണ്ട് എങ്ങനെ എന്ന് വിവരിക്കുക

പ്രഭാത ഗീതം ആലപിക്കുന്ന കിളികളിൽ നിന്നും പൂവ് വളരെയധികം ശ്രദ്ധയോടെ ശിരസ്സുമാട്ടി പാടാൻ പഠിക്കുന്നു രാത്രിയിൽ ആകാശത്ത് കാണുന്ന നക്ഷത്രങ്ങളിൽ നിന്നും പൂവ് ലോക തത്വങ്ങൾ ആകുന്ന ജീവിതയാഥാർത്ഥ്യങ്ങൾ പഠിക്കുന്നു

TVIS